പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 178 **26-10-2026-ൽ മറുപടിയ്ക്ക്**

ഇ-കോമേഴ്സിലെ ജി.എസ്.ടി. വരുമാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. വിനു ജോബ് കുഴിമണ്ണിൽ	ശ്രീ. വി. ഡി. സതീശൻ
ശ്രീ. അപു ജോൺ ജോസഫ്	(മുഖ്യമന്ത്രി)
ശ്രീ. ഷിബു തെക്കുംപുറം	

(എ) മുൻനിര ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ കേരളത്തിന് രാജ്യത്തെ ഇ-കൊമേഴ്സ് വില്പനമൂല്യത്തിൽ എത്ര ശതമാനം വിഹിതമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരളത്തിൽ നടക്കുന്ന ഇ-കൊമേഴ്സ് വിതരണങ്ങളിൽ (supplies) അന്തർസംസ്ഥാന (inter-state) വിതരണങ്ങളും സംസ്ഥാനത്തിനകത്തു തന്നെയുള്ള (intra-state) വിതരണങ്ങളും ഉൾപ്പെടുന്നുണ്ട്.

ജി.എസ്.ടി. നിയമത്തിലെ സെക്ഷൻ 2 (44) പ്രകാരം, ഡിജിറ്റൽ അല്ലെങ്കിൽ ഇലക്ട്രോണിക് നെറ്റ്വർക്ക് വഴി സാധനങ്ങളോ സേവനങ്ങളോ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഇടപാടുകളെയാണ് 'ഇ-കൊമേഴ്സ്' എന്ന് നിർവചിച്ചിട്ടുള്ളത്.

ഇത്തരം വ്യാപാരം സുഗമമാക്കുന്നതിനായി ഡിജിറ്റൽ സൗകര്യം (വെബ്സൈറ്റ്, മൊബൈൽ ആപ്പ് എന്നിവ) ഒരുക്കി നൽകുകയും അത് സ്വന്തമായി നടത്തുകയും ചെയ്യുന്ന ആമസോൺ, ഫ്ലിപ്കാർട്ട് പോലുള്ള സ്ഥാപനങ്ങളെയാണ് സെക്ഷൻ 2(45) പ്രകാരം 'ഇ-കൊമേഴ്സ് ഓപ്പറേറ്റർ' (ECO) എന്ന് നിർവചിച്ചിരിക്കുന്നത്.

ഇ-കൊമേഴ്സ് ഇടപാടുകൾ ബി2ബി (Business to Business), ബി2സി (Business to Customer) എന്നീ രണ്ടു തരത്തിലാകാം. ഇ കൊമേഴ്സ് പ്ലാറ്റ് ഫോം വഴി വില്പന നടത്തുന്ന നികുതിദായകർക്കു ഇത്തരം വില്പനകളുടെ വിറ്റുവരവ് വിശദാംശങ്ങൾ ബന്ധപ്പെട്ട റിട്ടേണുകളിൽ പ്രത്യേകമായി രേഖപ്പെടുത്തുന്നതിനുള്ള കോളം ലഭ്യമല്ല. ആയതിനാൽ തന്നെ സാധാരണ ബി2ബി, ബി2സി സപ്ലൈകളോടൊപ്പം ഇ-കൊമേഴ്സ് സപ്ലൈ കൂടി സംയോജിപ്പിച്ചാണ് നിലവിൽ റിട്ടേൺ സമർപ്പിക്കാറുള്ളത്. അതുകൊണ്ടു തന്നെ ഇ കൊമേഴ്സ് പ്ലാറ്റ് ഫോം വഴി ലഭ്യമാകുന്ന സാധന-സേവനങ്ങളുടെ മൂല്യം പ്രത്യേകം തിട്ടപ്പെടുത്താൻ വകുപ്പിന് സാധിക്കുകയില്ല.

കൂടാതെ, മറ്റ് സംസ്ഥാനങ്ങളിലെ നികുതിദായകരെ പരിശോധന നടത്തുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച (cross-jurisdictional) പരിമിതികൾ കാരണം, കേരളത്തിന് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ രേഖപ്പെടുത്തുന്ന വിശദമായ വിറ്റുവരവ് മൊത്തമായി (bulk verification) പരിശോധിക്കാൻ സംസ്ഥാന ജി.എസ്.ടി. വകുപ്പിന് സാധിക്കുന്നില്ല.

സാമ്പിൾ പരിശോധനകളിൽ പലപ്പോഴും മനസ്സിലാവുന്നത് ബന്ധപ്പെട്ട റിട്ടേണുകളിൽ നിന്നും നിലവിൽ ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് ഇത്തരം ഇ-കൊമേഴ്സ് ട്രാൻസാക്ഷനുകളെ കൃത്യമായി വിലയിരുത്തുന്നതിന് പരിമിതികളുണ്ട്.

പ്രസ്തുത കാര്യങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിന്റെ ഇ-കൊമേഴ്സ് വില്പനമൂല്യത്തിന് ആനുപാതികമായ നികുതിവിഹിതം കേരളത്തിന് ലഭ്യമാകുന്നില്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ;

മറുപടി:

ഇ-കൊമേഴ്സ് ട്രാൻസാക്ഷൻ വഴി കേരളത്തിൽ ലഭ്യമാകുന്ന സാധന സേവനങ്ങളുമായി ബന്ധപ്പെട്ട നികുതി വിഹിതം കേരളത്തിന് പൂർണമായി ലഭ്യമാകുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഇ-കൊമേഴ്സ് ട്രാൻസാക്ഷനുകളിൽ ഏറിയ പങ്കും അന്യ സംസ്ഥാന വ്യാപാരികളിൽ നിന്നും സ്വീകരിക്കപ്പെടുന്നവയാണ്. ഇതുമായി ബന്ധപ്പെട്ട ഐ ജി എസ് ടി നികുതി വിഹിതം കേരളത്തിന് സെറ്റിൽമെന്റ് വഴി ലഭിക്കണമെങ്കിൽ പ്രസ്തുത വ്യാപാരികൾ ഇത്തരം ട്രാൻസാക്ഷനുകളുടെ 'പ്ലേസ് ഓഫ് സപ്ലൈ' കേരളം എന്ന് കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ട റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. എന്നാൽ മറ്റ് വ്യാപാരങ്ങളിലേതിന് സമാനമായി വിറ്റുവരവ് മറച്ചുവെക്കൽ, തെറ്റായ നികുതി വർഗ്ഗീകരണം, വിതരണസ്ഥലം (Place of Supply) തെറ്റായി രേഖപ്പെടുത്തൽ എന്നിവ ഇ-കൊമേഴ്സ് ട്രാൻസാക്ഷൻ രേഖപ്പെടുത്തുന്നതിലും സംഭവിക്കുന്നുണ്ട്. ഇത് നികുതിച്ചോർച്ചയ്ക്ക് പ്രധാന കാരണം ആണ്.

എന്നാൽ, മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വഴി നടത്തിയ വില്പന വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിൽ നിലവിൽ അധികാര പരിമിതികളുണ്ട്. കൂടാതെ നിലവിലെ ജി എസ് ടി ആർ റിട്ടേണുകളിൽ ഇ-കൊമേഴ്സ് ട്രാൻസാക്ഷനുകൾ പ്രത്യേകമായി രേഖപ്പെടുത്താൻ സംവിധാനവുമില്ല. ഇതിനുപുറമെ, അന്യ സംസ്ഥാനങ്ങളിലെ ഇ- കൊമേഴ്സ് ഓപ്പറേറ്റർമാർ ഫയൽ ചെയ്യുന്ന റിട്ടേൺ വിശദാംശങ്ങൾ ഡാറ്റ അനലിറ്റിക് സിന് ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്തുന്നതിലും പരിമിതികളുണ്ട്. അവയിലും ബി2ബി, ബി2സി ഇടപാടുകൾ വേർതിരിച്ച് പരിശോധിക്കാൻ നിലവിൽ സാധ്യമല്ല.

ഈ കാരണങ്ങളാൽ ഇ-കൊമേഴ്സ് മേഖല വഴി സംസ്ഥാനത്തിന് ലഭ്യമാകുന്ന സാധന സേവനങ്ങളുടെ മൂല്യമോ നികുതി വിഹിതമോ എത്രയാണെന്ന് കൃത്യമായി കണക്കാക്കുന്നതിലും നിലവിൽ പരിമിതികളുണ്ട്.

കേരളത്തിന്റെ കൂടി ഇടപെടലുകളുടെ പശ്ചാത്തലത്തിൽ, ജി.എസ്.ടി.ആർ.-8 റിട്ടേണിൽ വിതരണസ്ഥലം, (പ്ലേസ് ഓഫ് സപ്ലൈ) രേഖപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയുള്ള പരിഷ് കാരങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

മേൽ പരിഷ്കരണം മാത്രം നടപ്പിലായതുകൊണ്ടു ടി പ്രശ്നത്തിന് പൂർണ്ണ പരിഹാരം ഉണ്ടാകില്ല എന്ന കണ്ടെത്തലിനെ തുടർന്ന്, വിതരണക്കാർ സമർപ്പിക്കുന്ന ജി.എസ്.ടി.ആർ.-1 റിട്ടേണിലും ഇ-കൊമേഴ്സ് ഇടപാടുകളുടെ വിവരങ്ങൾ കൂടുതൽ കൃത്യമായും വിശദമായും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ മുൻപാകെ ഉന്നയിച്ചിട്ടുണ്ട് .

(സി) 2026 ഒക്ടോബറിൽ നടന്ന അൻപത്തിയേഴാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ കേരളം എന്തെല്ലാം ആവശ്യങ്ങളും നിർദേശങ്ങളുമാണ് സമർപ്പിച്ചിട്ടുള്ളതെന്നറിയിക്കാമോ;

മറുപടി:

സംസ്ഥാനത്തിന്റെ റവന്യൂ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വ്യാപാരികൾക്ക് ഗുണകരമാകുന്ന നികുതി നിർദ്ദേശങ്ങളും മറ്റ് പരിഷ്കരണങ്ങളും നടപ്പാക്കുന്നതിനും അനുകൂലമായ നിലപാടാണ് സർക്കാർ ജി.എസ്.ടി. കൗൺസിലിൽ സ്വീകരിച്ചു

വരുന്നത്. ഇ-കൊമേഴ്സ് വ്യാപാരമേഖലയുമായി ബന്ധപ്പെട്ടും സമാനമായ നിർദ്ദേശങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ മുന്നോട്ട് വച്ചിട്ടുള്ളത്.

ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ സംസ്ഥാനത്തു നടക്കുന്ന വ്യാപാരത്തിൽ വലിയ പങ്ക് ബി2സി ട്രാൻസാക്ഷനുകളിലൂടെയാണ്. അതുകൊണ്ടു തന്നെ ഇത്തരം ട്രാൻസാക്ഷനുകളിലൂടെ നല്ലൊരു പങ്ക് നികുതി വരുമാനവും സംസ്ഥാനത്ത് ലഭ്യമാകേണ്ടതുണ്ട്. കൃത്യമായ നികുതി ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ബി ടു സി ട്രാൻസാക്ഷനുകളിൽ ഇ-ഇൻവോയിസിങ് നടപ്പിലാക്കുന്ന വിഷയം കൗൺസിലിൽ ചർച്ച ചെയ്തപ്പോൾ കേരളം അതിനെ അനുകൂലിക്കുകയും പൈലറ്റ് ഇംപ്ലിമെന്റേഷൻ എന്ന നിലയിൽ തുടക്കത്തിൽ ഇ-കൊമേഴ്സ് വ്യാപാര മേഖലകളിൽ ടി പരിഷ്കരണം കൊണ്ടുവരണം എന്ന നിർദേശം സംസ്ഥാനം മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നിയമപ്രകാരം നിലവിൽ എത്രകോടി രൂപയ്ക്കുമേൽ വാർഷിക വിറ്റുവരവുള്ള ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്കാണ് ഇ-ഇൻവോയ്സ് നിർബന്ധമാക്കിയിട്ടുള്ളത്; വിറ്റുവരവ് പരിധി പരിഗണിക്കാതെ എല്ലാ ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്കും ഇ-ഇൻവോയ്സ് ബാധകമാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u>

നിലവിലെ നിയമ വ്യവസ്ഥ അനുസരിച്ച് ഒരു നികുതിദായകന്റെ തൊട്ട് മുൻപത്തെ സാമ്പത്തിക വർഷത്തെ അഗ്രഗേറ്റ് ടേൺഓവർ (Aggregate Turnover) 5 കോടി രൂപ കവിയുന്ന മുറയ്ക്ക് തങ്ങളുടെ ബി ടു ബി ട്രാൻസാക്ഷന് ഇ-ഇൻവോയിസിങിന് ബാധ്യത ഉണ്ട്. ഇ-കൊമേഴ്സിലെ മാർക്കറ്റ്പ്ലേസ് B2B ഇടപാടുകളിൽ മേൽ സൂചിപ്പിച്ച വിറ്റുവരവുള്ള സപ്ലയർമാർക്കാണ് ഇ-ഇൻവോയ്സ് ബാധ്യത, എന്നാൽ ECO-യുടെ സ്വന്തം B2B ഇടപാടുകൾക്കും, ECO മാർക്കു തന്നെ നികുതി അടക്കേണ്ട ബാധ്യത വരുന്ന, നോട്ടിഫൈ ചെയ്യപ്പെട്ട ചില ട്രാൻസാക്ഷനുകളുമായി ബന്ധപ്പെട്ടും ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്കും തങ്ങളുടെ B2B ട്രാൻസാക്ഷനുകൾക്ക് മേൽ സൂചിപ്പിച്ച അഗ്രഗേറ്റ് ടേൺഓവർ പരിധി കവിയുന്ന മുറയ്ക്ക് ഇ-ഇൻവോയ്സ് നല്കാൻ ബാധ്യത ഉണ്ട്. നിലവിൽ B2C ഇടപാടുകൾക്ക് ഇത് ബാധകമല്ല.

2026 ഒക്ടോബറിൽ നടന്ന അൻപത്തിയേഴാം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ, ബി ടു സി യുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്ത വേളയിൽ കേരളം മുന്നോട്ടുവച്ച പ്രധാന നിർദേശങ്ങളിലൊന്ന് ബിടുസി ഇ- ഇൻവോയ്സിങ് നടപ്പിൽ വരുത്തുന്നതിന്റെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഇ-കൊമേഴ്സ് സെക്ടറിനെ ടി പരിഷ്കരണം നടത്തുന്നതിനായി പരിഗണിക്കണം എന്നതാണ് .

(ഇ) പ്രസ്തുത പരിഷ്കാരം നടപ്പിലാകുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. വിഹിതത്തിൽ പ്രതീക്ഷിക്കുന്ന വരുമാന വർധനവ് എത്രയെന്നറിയിക്കാമോ; വിശദമാക്കുമോ?

<u>മറുപടി:</u> മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികൾ അവർ ഫയൽ ചെയ്യുന്ന റിട്ടേണുകളിൽ സംസ്ഥാനത്തിലേക്ക് നടത്തിയ ഇ-കൊമേഴ്സ് മുഖേന ഉള്ള വിറ്റുവരവ് വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോ എന്നു പരിശോധിക്കാൻ നിലവിൽ അധികാര പരിമിതികളുണ്ട്. കൂടാതെ നിലവിലെ ജിഎസ് ടിആർ റിട്ടേണുകളിൽ ഇ-കൊമേഴ്സ് ട്രാൻസാക്ഷനുകൾ പ്രത്യേകമായി രേഖപ്പെടുത്താൻ സംവിധാനമില്ല. ആയതിനാൽ നിലവിൽ ഇ-കൊമേഴ്സ്'' വ്യാപാരം വഴി സംസ്ഥാനത്തു ലഭ്യമാകുന്ന വിറ്റുവരവ് മൂല്യമോ ബന്ധപ്പെട്ട നികുതി വിഹിതമോ തിട്ടപ്പെടുത്താൻ പരിമിതി ഉള്ളതിനാൽ ഇ-ഇൻവോയിസിങ് നടപ്പിലാകുന്ന മുറയ്ക്ക് ലഭ്യമാകുന്ന വരുമാന വർദ്ധനവ് കണക്കാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

സെക്ഷൻ ഓഫീസർ